# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1994** **22.03.2012 ൽ മറുപടിക്ക്**

## എം.എൽ.എ ഫണ്ട് ഉയർത്താൻ നടപടി

**ചോദ്യം** — ശ്രീ. എം.ചന്ദ്രൻ

**ഉത്തരം** — ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | 2011-12 വർഷത്തിൽ എം.എൽ.എ ഫണ്ട് ഒരു കോടിയാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; | എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി 2012-13 മുതൽ 1 കോടി രൂപയാക്കി വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് (പി)നം.134/2012/ധന. തീയതി 24.02.2012 ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഫെബ്രുവരി 2012 അന്ത്യവാരത്തിൽ തന്നെ അപ് ലോഡ് ചെയ്തിട്ടുണ്ട്. ടി. ഉത്തരവ് അച്ചടിച്ച് ലഭ്യമാക്കിയിട്ടുണ്ട്. |
| ബി. | ഇല്ലെങ്കിൽ പ്രസ്തുക പകർപ്പ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | അച്ചടിച്ച പകർപ്പുകൾ ബന്ധപ്പെട്ടവർക്ക് അയച്ചു വരുന്നു. |
| സി. | ഒരു കോടിയായി ഉയർത്തിയ നടപടിക്ക് എന്നു മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ ഒരു എം.എൽ.എ.യുടെ വിഹിതം 1 കോടി രൂപയാക്കി ഉയർത്തിയ നടപടിക്ക് 01.04.2012 മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. |
| ഡി. | 2011-12 വർഷത്തിൽത്തന്നെ ഇരുപത്തിയഞ്ച് ലക്ഷം വർദ്ധിപ്പിച്ച് ഒരു കോടിയാക്കുന്നതിന് ഉത്തരവ് നൽകുമോ? | 2011-12ൽ എം.എൽ.എ ഫണ്ടായ 75 ലക്ഷം രൂപക്ക് പുറമേ 25 ലക്ഷം രൂപ റോഡ് അപ്ഗ്രഡേഷനു വേണ്ടി അനുവദിച്ചിരുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ നിധിയിലേക്കുള്ള വിഹിതം 1 കോടിയായി വർദ്ധിപ്പിക്കാനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. എന്നാൽ ഇതിനും പുറമേ 75 ലക്ഷത്തിന്റെ സ്ഥാനത്ത് എം.എൽ.എ ഫണ്ട് 2011-2012 മുതൽ 1 കോടിയായി ഉയർത്തണമെന്ന ആവശ്യം പരിഗണിച്ച് പുതിയ ഉത്തരവ് നൽകുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ